**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3824** 15-05-2017 -ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ വരൾച്ചയുടെ കാഠിന്യം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി. ഉണ്ണി** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | പാലക്കാട് ജില്ല അതിരൂക്ഷമായ വരൾച്ചയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 31.10.2016-ൽ എല്ലാ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച ശേഷം വരൾച്ചാ പ്രതിരോധ – പ്രതികരണപ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. വരൾച്ചാ പ്രഖ്യാപനത്തിന് ശേഷം പാലക്കാട് ജില്ലയിലെ കുടിവെള്ള വിതരണത്തിനായി 2016-17, 2017-18 കാലയളവിൽ ആകെ **4.96 കോടി** രൂപയും കാർഷിക മേഖലയിൽ ആശ്വാസ സഹായമായി 1.43 കോടി രൂപയും മൃഗ സംരക്ഷണമേഖലയിൽ വെറ്റിനറി ക്യാമ്പ് തുടങ്ങുന്നതിന് 0.35 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ ജില്ലയിൽ വെള്ളത്തിന്റെ ഉപയോഗം കുടിവെള്ളത്തിനു മാത്രമായി പരിമിതപ്പെടുത്തുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലയിലെ വിവിധ താലൂക്കുകളിൽ ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തി വരുന്നു. ജില്ലയിൽ 600 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു. അവയിൽ 468 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു കഴിഞ്ഞു. അവശേഷിക്കുന്നവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ജില്ലാ മണ്ണ് സംരക്ഷണ കേന്ദ്രം നബാർഡിന്റെ സഹായത്തോടെ 26 കുളങ്ങൾ നവീകരിച്ചു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ 599 കുളങ്ങൾ |

| | | | |
|---|---|---|---|
| | | | നവീകരിച്ചു. 84 കുളങ്ങൾ നിർമ്മിച്ചു. ഭൂജല വകുപ്പ് 553 ഹാന്റ് പമ്പുകൾ, 5 കുഴൽകിണറുകൾ, 15 വാട്ടർ സപ്ലൈ സ്കീമുകൾ എന്നിവയുടെ നവീകരണം പൂർത്തിയായിട്ടുണ്ട്. മൂപ്പ് കുറഞ്ഞ നെൽ വിത്തിനങ്ങൾ കൃഷി ചെയ്യുന്നതിന് ജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയറു വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനും കൃഷി വകുപ്പ് കർഷകർക്ക് നിർദ്ദേശം നൽകി. മൃഗ സംരക്ഷണ വകുപ്പ് വരൾച്ച രൂക്ഷമായ അട്ടപ്പാടി, ചിറ്റൂർ, മേഖലകളിൽ കന്നുകാലി ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | വരൾച്ചാ കെടുതികൾമൂലം ജില്ലയിൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | ബി) | പാലക്കാട് ജില്ലയിൽ വരൾച്ച മൂലം കൃഷി നാശം സംഭവിച്ച വകയിൽ 27,85,41,615/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. മൃഗ സംരക്ഷണ മേഖലയിൽ പാലുൽപ്പാദനത്തിൽ വന്ന കുറവും കന്നുകാലികൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് 18,00,000/- രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരത്തിന് വ്യവസ്ഥയില്ല. ആശ്വാസ ധനസഹായം മാത്രമാണ് അനുവദനീയമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ